ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:25.09.2025**

## പ്രധാനവാർത്തകൾ

1) ആഗോളതലത്തിൽ അനിശ്ചിതത്വം തുടരുമ്പോഴും ഇന്ത്യയുടെ വളർച്ച ശ്രദ്ധേയമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

2) ജയിൽ അന്തേവാസികളെ സാമൂഹ്യ ജീവിതത്തിന് പ്രാപ്തരാക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

3) കേരളത്തെ കാർബൺ ന്യൂട്രൽ ആക്കുക ലക്ഷ്യമിട്ട് നീതി ആയോഗും കെ.എസ്.ഇ.ബി.യും സംയുക്തമായി സംഘടിപ്പിക്കുന്ന ശൂന്യ ഇ.വി. കോൺക്ലേവിന് തിരുവനന്തപുരത്ത് തുടക്കമായി.

4) തൃശൂർ പാലിയേക്കരയിൽ ടോൾ പിരിവ് തല്ക്കാലം തുടരേണ്ടതില്ലെന്ന് ഹൈക്കോടതി.

5) സംസ്ഥാനത്ത് ഇടിമിന്നലോട് കൂടിയ ശക്തമായ മഴ തുടരും; ഇന്ന് ഏഴ് ജില്ലകളിൽ മഞ്ഞ ജാഗ്രത; കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ ശനിയാഴ്ച വരെ മത്സ്യബന്ധനത്തിന് വിലക്ക്.

6) ഏഷ്യാ കപ്പ് 20 ട്വന്റി ക്രിക്കറ്റിൽ ഇന്ന് പാകിസ്ഥാൻ ബംഗ്ലാദേശിനെ നേരിടും.

RNU TVPM

## പ്രധാനമന്ത്രി സന്ദർശനം

ആഗോളതലത്തിൽ അനിശ്ചിതത്വം തുടരുമ്പോഴും ഇന്ത്യയുടെ വളർച്ച ശ്രദ്ധേയമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഗ്രേറ്റർ നോയിഡയിൽ ഉത്തർപ്രദേശ് അന്താരാഷ്ട്ര വ്യാപാര പ്രദർശനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കഴിയുന്നതും എല്ലാ ഉൽപ്പന്നങ്ങളും ഇന്ത്യയിൽ നിർമ്മിക്കണമെന്നും രാജ്യം സ്വയംപര്യാപ്തമാകണമെന്നും പ്രധാനമന്ത്രി പറഞ്ഞു. ഉച്ചയ്ക്ക് ശേഷം രാജസ്ഥാൻ സന്ദർശിക്കുന്ന പ്രധാനമന്ത്രി വിവിധ വികസന പദ്ധതികൾക്ക് തുടക്കം കുറിക്കും.

## വേൾഡ് ഫുഡ് ഇന്ത്യ 2025

പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് വൈകുന്നേരം ന്യൂഡൽഹിയിൽ വേൾഡ് ഫുഡ് ഇന്ത്യ ഉദ്ഘാടനം ചെയ്യും. നാല് ദിവസത്തെ പരിപാടിയിൽ ഭക്ഷ്യ സംസ്കരണ മേഖലയിലെ ഇന്ത്യയുടെ മുന്നേറ്റം, ഭക്ഷ്യ സുസ്ഥിരത, ഭക്ഷ്യ ഉത്പാദനം എന്നിവ വ്യക്തമാക്കുന്ന പ്രദർശനം സംഘടിപ്പിക്കും. 21-ലധികം രാജ്യങ്ങൾ പരിപാടിയിൽ പങ്കെടുക്കും.

RNU TVPM

**മുഖ്യമന്ത്രി - പ്രിസൺ ഓഫീസർ**

ജയിൽ അന്തേവാസികളെ സാമൂഹ്യ ജീവിതത്തിന് പ്രാപ്തരാക്കുകയാണ് സർക്കാർ ലക്ഷ്യമിടുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. തിരുവനന്തപുരം പേരൂർക്കട എസ് എ പി ഗ്രൗണ്ടിൽ അസിസ്റ്റന്റ് പ്രിസൺ ഓഫീസർമാരുടെ പാസിങ് ഔട്ട് പരേഡിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ജയിൽ അന്തേവാസികളെ നിയമലംഘനം നടത്താൻ അനുവദിക്കരുതെന്നും വിചാരണ തടവുകാരെ കുറ്റവാളികളായി കാണരുതെന്നും മുഖ്യമന്ത്രി പറഞ്ഞു

RNUTVPM

**വീണജോർജ്ജ്**

പാലക്കാട് അട്ടപ്പാടി കോട്ടത്തറ ട്രൈബൽ താലൂക്ക് സ്പെഷ്യാലിറ്റി ആശുപത്രിയിലെ പൂർത്തീകരിച്ച പ്രവർത്തനങ്ങൾ മന്ത്രി വീണാ ജോർജ് ഉദ്ഘാടനം ചെയ്തു. നവജാത ശിശുമരണം തടയാൻ അത്യാധുനിക സൗകര്യങ്ങളോട് കൂടിയ ലേബർ റൂം, ഓപ്പറേഷൻ തീയേറ്റർ തുടങ്ങിയ 13.67 കോടി രൂപയുടെ പ്രവർത്തനങ്ങളാണ് മന്ത്രി നാടിനു സമർപ്പിച്ചത്.

**പരിസ്ഥിതി കോൺക്ലേവ്**

സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ സുവർണ്ണജൂബിലി ആഘോഷങ്ങളുടെ ഭാഗമായി അന്താരാഷ്ട്ര പരിസ്ഥിതി കോൺക്ലേവ് സംഘടിപ്പിക്കും. എറണാകുളം കറുകുറ്റിയിൽ നാളെയും മറ്റന്നാളുമായി സംഘടിപ്പിക്കുന്ന പരിപാടി മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. മന്ത്രിമാരായ പി രാജീവ്, എം ബി രാജേഷ്, വീണാ ജോർജ് എന്നിവർ പങ്കെടുക്കും.

## ശൂന്യ ഇ.വി. കോൺക്ലേവ്

2050-ഓടെ കേരളത്തെ കാർബൺ ന്യൂട്രൽ ആക്കുക ലക്ഷ്യമിട്ട് നീതി ആയോഗും കെ.എസ്.ഇ.ബി.യും സംയുക്തമായി സംഘടിപ്പിക്കുന്ന ശൂന്യ ഇ.വി. കോൺക്ലേവിന് തിരുവനന്തപുരത്ത് തുടക്കമായി. മന്ത്രി കെ. കൃഷ്ണൻകുട്ടി ഉദ്ഘാടനം ചെയ്തു. ഇ മൊബിലിറ്റി രംഗത്ത് കേരളം കൈവരിച്ച നേട്ടങ്ങൾ ഉയർത്തിക്കാട്ടുന്നതാണ് സമ്മേളനം. രാജ്യത്തെ വൈദ്യുതി ഗതാഗത വികസനത്തിൻ്റെ ഗതിവേഗം കൂട്ടുന്നതിനായുള്ള ശൂന്യ – സീറോ പൊല്യൂഷൻ മൊബിലിറ്റി ക്യാമ്പയിന്റെ നാലാം വാർഷികാഘോഷത്തിന്റെ ഭാഗമായാണ് കോൺക്ലേവ് സംഘടിപ്പിക്കുന്നത്.

## സേവാ പർവ്(ഇൻട്രോ)

RNU TVPM

പൊതുസേവനവും സദ്ഭരണവും മുഖമുദ്രയാക്കിയ കേന്ദ്ര സർക്കാർ പ്രതിരോധ മേഖലയുടെ നവീകരണത്തിനായി നടപ്പാക്കുന്ന വിവിധ നാടപടികളെ കുറിച്ചാണ് ആകാശവാണിയുടെ പ്രത്യേക പരമ്പരയായ 'സേവ പർവിൽ' ഇന്ന്.
(വോയ്സ്)
( മ്യൂസിക് )

❋❋❋❋❋❋❋❋❋❋❋❋❋

**സേവാ പർവ് (വോയിസ്)**

പ്രതിരോധ മേഖലയിൽ ഭൂതനാശയങ്ങളെ പ്രോത്സാഹിപ്പിക്കുന്ന ആവാസവ്യവസ്ഥ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ 2018 ഏപ്രിലിലാണ് ഇന്നൊവേഷൻസ് ഫോർ ഡിഫൻസ് എക്സലൻസ്, ഐഡിഇഎക്സ് സംരംഭം ആരംഭിച്ചത്. ഗവേഷണ വികസന സ്ഥാപനങ്ങൾ, വ്യവസായങ്ങൾ, സ്റ്റാർട്ടപ്പുകൾ എന്നിവയെ ഉൾപ്പെടുത്തി പ്രതിരോധ മേഖലയിലെ സാങ്കേതിക വികസനത്തിനാണ് ലക്ഷ്യമിടുന്നത്. മഹാബലിപുരത്ത് ഇന്നൊവേഷൻസ് ഫോർ ഡിഫൻസ് എക്സലൻസ് ഉദ്ഘാടനം ചെയ്ത പ്രധാനമന്ത്രി നരേന്ദ്ര മോദി സാങ്കേതികവിദ്യ, നവീകരണം, ഗവേഷണം, വികസനം എന്നിവയുടെ പ്രാധാന്യം എടുത്തു പറഞ്ഞു.
( പിഎം വോയിസ്.... )
എംഎസ്എംഇകൾ, സ്റ്റാർട്ടപ്പുകൾ, അക്കാദമിക് മേഖല എന്നിവയുമായി സഹകരിച്ചുകൊണ്ട്, അത്യാധുനിക സാങ്കേതികവിദ്യകളുടെ വികസനത്തെ

RNUTVPM

പിന്തുണയ്ക്കുന്നതിനായി ഐഡിഇഎക്സ് 1.5 കോടി രൂപ വരെ ഗ്രാന്റുകൾ നൽകിയിട്ടുണ്ട്. 619 സ്റ്റാർട്ടപ്പുകളെയും എംഎസ്എംഇകളെയും ഉൾപ്പെടുത്തി 430 ഐഡിഇഎക്സ് കരാറുകളിൽ ഇതുവരെ ഒപ്പുവച്ചു. ഇതിലൂടെ പ്രതിരോധ മേഖലയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിക്കാണ് ഇന്ത്യ അതിവേഗം മുന്നേറുന്നത്.
( മ്യൂസിക് )

❁❁❁❁❁❁❁❁❁❁❁❁❁

## സേവാ പർവ് അനൗൺസ്മെൻറ്

സേവാ പർവിന്റെ ഭാഗമായി ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താവിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക ചർച്ച ഇന്ന് ഉച്ചയ്ക്ക് ശേഷം, 3.30 ന് പ്രക്ഷേപണം ചെയ്യും. ചർച്ചയിൽ ഡിജിറ്റൽ ഇന്ത്യ : ആധാർ മുതൽ എഐ വരെ എന്ന വിഷയത്തിൽ കേരള സർവകലാശാല മുൻ പ്രൊഫസറും സി-ഡിറ്റ് മുൻ ഡയറക്ടറുമായ ഡോ. അച്യുത് ശങ്കർ സംസാരിക്കും.

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁

## മാധ്യമ ശില്പശാല

പ്രസ് ഇൻഫർമേഷൻ ബ്യുറോ പത്തനംതിട്ടയിലെ പ്രാദേശിക മാധ്യമപ്രവർത്തകർക്കായി സംഘടിപ്പിക്കുന്ന ഏകദിന മാധ്യമ ശില്പശാല - വാർത്താലാപ് ജില്ലാ കളക്ടർ എസ്. പ്രേം കൃഷ്ണൻ ഉദ്ഘാടനം ചെയ്തു. പിഐബി കേരള - ലക്ഷദ്വീപ് മേഖല അഡീഷണൽ ഡയറക്ടർ ജനറൽ വി.

പളനിച്ചാമി അധ്യക്ഷനായി. തിരുവനന്തപുരം പി.ഐ.ബി ഡെപ്യൂട്ടി ഡയറക്ടർ ജോർജ് മാത്യു ഉൾപ്പെടെയുള്ളവർ പങ്കെടുത്തു.

❁❁❁❁❁❁❁❁❁❁❁❁❁

## സ്വച്ഛത - ആകാശവാണി

സ്വച്ഛത കാമ്പയിനിൻ്റെ ഭാഗമായി ആകാശവാണി തിരുവനന്തപുരം നിലയത്തിൽ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. ആകാശവാണി തിരുവനന്തപുരം നിലയം മേധാവി, ഡെപ്യൂട്ടി ഡയറക്ടർ എ. ജി ബൈജു ഉദ്ഘാടനം ചെയ്തു. പരിപാടിയിൽ ശുചീകരണ പ്രവർത്തകർക്കുള്ള ഉപകരണങ്ങൾ വിതരണം ചെയ്തു.

RNUTVPM

❁❁❁❁❁❁❁❁❁❁❁❁❁

## പാലിയേക്കര ടോൾ

തൃശൂർ പാലിയേക്കര ടോൾ പ്ലാസയിൽ ടോൾ പിരിവ് നിർത്തിവച്ച നടപടി നീട്ടി ഹൈക്കോടതി. ജസ്റ്റിസ് എ മുഹമ്മദ് മുസ്താഖ്, ജസ്റ്റിസ് ഹരിശങ്കർ വി മേനോൻ എന്നിവരടങ്ങിയ ഡിവിഷൻ ബെഞ്ച് ആണ് ഹർജി പരിഗണിച്ചത്. ദേശീയ പാത 544 ലെ നിർമ്മാണ പ്രവർത്തികൾ സംബന്ധിച്ച് റിപ്പോർട്ട് നല്കാൻ ദേശീയ പാത അതോറിറ്റിയോട് ഹൈക്കോടതി നിർദ്ദേശിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

## മൻ കി ബാത്

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്തിന്റെ 126-ാാം പതിപ്പ് ഈ മാസം 28 ന് രാവിലെ 11 മണിക്ക്. ദൂരദർശന്റെയും ആകാശവാണിയുടെയും മുഴുവൻ ശൃംഖലകളിലും പരിപാടി ലഭ്യമായിരിക്കും. 1800-11-7800 എന്ന ടോൾഫ്രീ നമ്പരിലൂടെയും, നരേന്ദ്രമോദി ആപ്പ്, MyGov ഓപ്പൺ ഫോറം എന്നിവയിലൂടെയും മൻ കി ബാത്തിലേക്ക് ആശയങ്ങൾ അറിയിക്കാനുള്ള സമയ പരിധി നാളെ അവസാനിക്കും.

❁❁❁❁❁❁❁❁❁❁❁❁❁

RIJU TVPM

**കാസർഗോഡ് -(ഇൻട്രോ)**

സംസ്ഥാനത്തിൻറെ വികസന നേട്ടങ്ങൾ ചർച്ച ചെയ്യാനും ആശയങ്ങളും നിർദ്ദേശങ്ങളും അവതരിപ്പിക്കുന്നതിനും പൊതു ജനങ്ങൾക്ക് അവസരമൊരുക്കുന്ന വികസന സദസ്സിന് ഒരുങ്ങി കാസർഗോഡ് ജില്ല.

***കൂടുതൽ വിവരങ്ങളുമായി ആകാശവാണി കാസർഗോഡ് ജില്ലാ പ്രതിനിധി പി.ജഗന്നിവാസൻ.......***

***(വോയിസ്)***

❁❁❁❁❁❁❁❁❁❁❁❁❁

**ഗവർണർ - നവരാത്രി സർഗ്ഗോത്സവം**

നവരാത്രി സർഗ്ഗോത്സവത്തിൻ്റെ ഭാഗമായുള്ള സാംസ്കാരിക സമ്മേളനം ഗവർണർ രാജേന്ദ്ര വിശ്വനാഥ ആർലേക്കർ ഇന്ന് കോഴിക്കോട് കേസരി ഭവനിൽ ഉദ്ഘാടനം ചെയ്യും. ശ്രേഷ്ഠാചാര സഭ ആചാര്യൻ എം ടി വിശ്വനാഥൻ ഉൾപ്പെടെയുള്ള വിശിഷ്ടാഥികൾ പരിപാടിയിൽ പങ്കെടുക്കും.

❋❋❋❋❋❋❋❋❋❋❋❋❋

## വിദ്യാരംഭം

രാജ്ഭവനിൽ ഒക്ടോബർ രണ്ടിന് നടക്കുന്ന വിദ്യാരംഭ ചടങ്ങിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ കുട്ടികൾക്ക് ആദ്യാക്ഷരം കുറിക്കും. രജിസ്ട്രേഷന് 0471-27 211 00 എന്ന നമ്പറിൽ വിളിക്കുക. വിജയദശമി ദിനത്തോടനുബന്ധിച്ച് വൈലോപ്പിള്ളി സംസ്കൃതി ഭവനിൽ നടക്കുന്ന ചടങ്ങിൽ കെ.ജയകുമാർ, അച്യുത് ശങ്കർ എസ് , രാജശ്രീ വാര്യർ എന്നിവർ ഗുരുക്കന്മാരായി എത്തും.

PNUTVPM

❋❋❋❋❋❋❋❋❋❋❋❋❋

## കാലാവസ്ഥ-കേരളം

സംസ്ഥാനത്ത് ഇടിമിന്നലോട് കൂടിയ ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. തിരുവനന്തപുരം മുതൽ എറണാകുളം വരെയുള്ള ഏഴ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ ശനിയാഴ്ച വരെ

മത്സ്യബന്ധനത്തിന് പോകരുതെന്ന് മുന്നറിയിപ്പ്. കേരളതീരത്ത് കടലാക്രമണത്തിനു സാധ്യതയുള്ളതിനാൽ മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിക്കണം.

❁❁❁❁❁❁❁❁❁❁❁❁❁

**ഏഷ്യാ കപ്പ്**

ഏഷ്യാ കപ്പ് 20 ട്വന്റി ക്രിക്കറ്റിൽ ഇന്ന് പാകിസ്ഥാൻ ബംഗ്ലാദേശിനെ നേരിടും. രാത്രി എട്ടു മണിക്ക് ദുബായിലാണ് മത്സരം. ഇന്നത്തെ മത്സരത്തിലെ വിജയി ഫൈനലിൽ ഇന്ത്യയുമായി ഏറ്റുമുട്ടും.

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁

**സുബ്രതോ കപ്പ്-ഇൻട്രോ**

രാജ്യത്തെ പ്രമുഖ സ്കൂൾ ഫുട്ബോൾ ടൂർണമെൻ്റായ സുബ്രതോ കപ്പ് നേടാൻ കേരളം ഇന്നിറങ്ങും. ന്യൂഡൽഹി അംബേദ്കർ സ്റ്റേഡിയത്തിൽ വൈകിട്ട് ആറിനു നടക്കുന്ന കിരീടപ്പോരാട്ടത്തിൽ കോഴിക്കോട് ഫാറൂഖ് ഹയർ സെക്കൻഡറി സ്കൂളാണ് കേരളത്തെ പ്രതിനിധീകരിക്കുന്നത്. അണ്ടർ 17 ആൺകുട്ടികളുടെ ഫൈനലിൽ ഉത്തരാഖണ്ഡിലെ അമിനിറ്റി സിബിഎസ്ഇ പബ്ലിക് സ്കൂളാണ് എതിരാളി.

**ആകാശവാണിക്ക് വേണ്ടി സുരേഷ് ബാബു തയ്യാറാക്കിയ റിപ്പോർട്ട്....**

(വോയിസ്)

RNU TVPM